പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2497     11.10. 2011-ൽ മറുപടിക്കുള്ളത്

ഒറ്റപ്പാലം താലൂക്കിലെ മിച്ചഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം താലൂക്കിലെ മിച്ചഭൂമി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഏതൊക്കെ വില്ലേജിൽ ആണ് മിച്ചഭൂമിയുള്ളത്; സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പാലം താലൂക്കിൽ നാളിതുവരെ പ്രഖ്യാപിച്ചിട്ടുള്ള മിച്ചഭൂമി-1697.45.89ഹെക്ടർ<br>ആകെഏറ്റെടുത്തിട്ടുള്ളത്- -1078.3246 ഹെക്ടർ.<br>സ്റ്റേ/റിവൈസ്ഡ് ഓർഡർ/അന്യകൈവശം എന്നിവയിൽപ്പെട്ടത് -619.1343 ഹെക്ടർ.<br>വില്ലേജ് തിരിച്ചുള്ള സർവ്വേ നമ്പർ അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിലെ ഏതൊക്കെ ഭൂമികളാണ് മിച്ചഭൂമിയായി കണ്ടെത്തിയിട്ടുള്ളത്; | (ബി) | ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ കണ്ടെത്തിയ മിച്ചഭൂമിയുടെ പട്ടിക അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. |
| (സി) | ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ മിച്ചഭൂമി തർക്കങ്ങൾ ഉള്ള എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളുടെ കാലിക സ്ഥിതി വിശദമാക്കാമോ; | (സി) | ഒറ്റപ്പാലം മണ്ഡലത്തിൽ മിച്ചഭൂമി തർക്കങ്ങൾ ഉള്ള 8 കേസ്സുകൾ നിലവിലുണ്ട്.<br>വിശദ വിവരം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ലക്കിടി വില്ലേജിലെ പോളി ഗാർഡൻ കൈവശം എത്ര ഏക്കർ ഭൂമിയാണുള്ളത്; അതിൽ മിച്ച ഭൂമി ഉണ്ടോ; എങ്കിൽ എത്ര; | (ഡി) | ലക്കിടി വില്ലേജിൽ പോളി ഗാർഡൻ 78.31 ഏക്കർ ഭൂമി കൈവശം വച്ചിരുന്നു. ഇതിനു പുറമെ തൃശൂർ തലപ്പിള്ളി താലൂക്ക് തിരുവില്വാമല വില്ലേജിൽ കൈവശം വച്ചിട്ടുള്ള 3.01 ഏക്കർ ഭൂമിയും ചേർത്ത് മൊത്തം 81.32 ഏക്കർ പോളി ഗാർഡൻ എന്ന സ്ഥാപനം കൈവശം വച്ചു വരുന്നു. ഇതിൽ 69.44.65 |

ഏക്കർ ഭൂമി മിച്ചഭൂമിയായി ഒറ്റപ്പാലം ലാന്റ് ബോർഡ് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) മിച്ചഭൂമിയായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ അത് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

(ഇ) മിച്ചഭൂമിയായി കണ്ടെത്തിയ കേസ്സുകൾ കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം ബന്ധപ്പെട്ട താലൂക്ക് ലാന്റ് ബോർഡ് ഇതു സംബന്ധിച്ച് വിചാരണ നടത്തി രേഖകൾ പരിശോധിച്ച് ആവശ്യമെങ്കിൽ ആതറൈസ്ഡ് ഓഫീസർ മുഖേന സ്ഥല പരിശോധന നടത്തി പ്രഖ്യാപനം നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.